## 2025-ലെ അന്താരാഷ്ട്ര ചൈനീസ് സ്പീക്കിംഗ് കോൺഫറൻസിനുള്ള ദൂതുകളുടെ രൂപരേഖകൾ

## പൊതുവിഷയം:

## റോമാലേഖനത്തിലെ 5 മുതൽ 8 വരെയുള്ള അധ്യായങ്ങൾ—വേദപുസ്തകത്തിന്റെ അന്തസാരം

ദൂത് മൂന്ന്

## ക്രിസ്തുവിന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും സാദൃശ്യം

DK KL Hymns: ML265

തിരുവെഴുത്ത് വായന: റോമ. 6:3-5; 5:17; ഗലാ. 3:27

റോമ. 6:3 അതോ ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

റോമ. 6:5 നാം അവനോടുകൂടെ അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ ചേർന്നു വളർന്നുവെങ്കിൽ, തീർച്ചയായും നാം അവന്റെ പുനരുത്ഥാനത്തിന്റെ, സാദൃശ്യത്തിലും ആയിരിക്കും,

റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

**I. "ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു"—റോമർ 6:3:**

A. സ്നാനം ഒരു ആചാരമോ സമ്പ്രദായമോ അല്ല; അത് ക്രിസ്തുവിനോടുള്ള നമ്മുടെ ഏകീഭാവത്തെ സൂചിപ്പിക്കുന്നു—വാ.3.

റോമ. 6:3 അതോ ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?

B. അവന്റെ മരണത്തിലും പുനരുത്ഥാനത്തിലും നാം അവനോട് ഒന്നായി പറ്റിച്ചേരേണ്ടതിന് സ്നാനത്തിലൂടെ നാം ക്രിസ്തുവിനെ നമ്മുടെ മണ്ഡലമായി എടുത്തുകൊണ്ട് അവനിലേക്ക് നിമജ്ജനം ചെയ്യപ്പെടുന്നു.

C. നാം ഒന്നാം മനുഷ്യനായ ആദാമിന്റെ മണ്ഡലത്തിൽ ജനിച്ചു (1 കൊരി. 15:45, 47), എന്നാൽ സ്നാനത്തിലൂടെ നാം രണ്ടാം മനുഷ്യനായ (1 കൊരി. 15:47) ക്രിസ്തുവിന്റെ മണ്ഡലത്തിലേക്ക് സ്ഥാനമാറ്റം ചെയ്യപ്പെട്ടു (1:30; ഗലാ. 3:27).

1 കൊരി. 15:45 അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു.

1 കൊരി. 15:47 ഒന്നാം മനുഷ്യൻ ഭൂമിയിൽനിന്ന്, മണ്ണുകൊണ്ടുള്ളവൻ; രണ്ടാം മനുഷ്യൻ സ്വർഗത്തിൽ നിന്നുള്ളവൻ.

1 കൊരി. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ..

D. നാം ക്രിസ്തുവിലേക്ക് സ്നാനപ്പെടുമ്പോൾ, നാം അവന്റെ മരണത്തിലേക്ക് സ്നാനപ്പെടുന്നു—റോമർ 6:3.

റോമ. 6:3 അതോ ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?

E. അവന്റെ മരണം നമ്മെ ലോകത്തിൽനിന്നും അന്ധകാരത്തിന്റെ സാത്താന്യ ശക്തിയിൽനിന്നും നമ്മെ വേർപെടുത്തുകയും, നമ്മുടെ സ്വാഭാവിക ജീവനെയും, നമ്മുടെ പഴയ പ്രകൃതത്തെയും, നമ്മുടെ സ്വയത്തെയും, നമ്മുടെ ജഡത്തെയും, നമ്മുടെ മുഴുവൻ ചരിത്രത്തെയും പോലും ഇല്ലാതാക്കുകയും ചെയ്തു.

**II. "അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടുകൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ"—വാക്യം 4:**

A. നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു (വാ. 6), അത് സ്നാനത്തിലൂടെ മരണത്തിലേക്ക് അവനോടുകൂടെ അടക്കപ്പെട്ടിരിക്കുന്നു.

റോമ. 6:6 നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ;

B. സ്വാഭാവിക മണ്ഡലത്തിൽ, ഒരു വ്യക്തി ആദ്യം മരിക്കുകയും അതിനുശേഷം അടക്കപ്പെടുകയും ചെയ്യുന്നു, എന്നാൽ പൗലൊസിന്റെ വാക്കുകൾ സൂചിപ്പിക്കുന്നത് ആത്മിക മണ്ഡലത്തിൽ, നാം ആദ്യം അടക്കപ്പെടുകയും അതിനുശേഷം മരിക്കുകയും ചെയ്യുന്നു എന്നാണ്.

C. നാം നേരിട്ട് മരിക്കുന്നില്ല; സ്നാനത്തിലൂടെ നാം ക്രിസ്തുവിന്റെ മരണത്തിലേക്ക് പ്രവേശിക്കുകയാണ്.

D. ക്രിസ്തുവും അവന്റെ മരണവും ഒന്നാണ്.

E. ക്രിസ്തുവിനെ പിരിഞ്ഞ് നമുക്ക് ഒരിക്കലും അവന്റെ മരണത്തിലേക്ക് സ്നാനപ്പെടുവാൻ കഴിയില്ല, കാരണം അവന്റെ ഫലപ്രദമായ മരണത്തിന്റെ മൂലകം, ഉയിർത്തെഴുന്നേറ്റ, സർവവും ഉൾക്കൊള്ളുന്നവനായ അവനിൽ മാത്രമേ കാണപ്പെടുന്നുള്ളൂ—പ്ര.നി. യോഹ. 5:29; 11:24-25; പ്രവൃ. 1:22; 2:31.

യോഹ. 5:29 നന്മ ചെയ്തവർ ജീവന്റെ പുനരുത്ഥാനത്തിലേക്കും, തിന്മ ആചരിച്ചവർ ന്യായവിധിയുടെ പുനരുത്ഥാനത്തിലേക്കും പുറപ്പെട്ടുവരും.

യോഹ. 11:24 മാർത്ത അവനോട്, അവസാനനാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കും എന്ന് എനിക്കറിയാം എന്നു പറഞ്ഞു.

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

പ്രവൃ. 1:22 നമ്മെ അനുയാത്ര ചെയ്ത പുരുഷന്മാരിൽനിന്ന് ഒരുവൻ നമ്മോടുകൂടെ അവന്റെ പുനരുത്ഥാനത്തിന്റെ സാക്ഷിയാകേണം

എന്നത് ആവശ്യമാകുന്നു.

പ്രവൃ. 2:31 അവനെ പാതാളത്തിൽ ഉപേക്ഷിച്ചില്ല, അവന്റെ ജഡം ദ്രവത്വം കണ്ടതും ഇല്ല എന്ന് ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ സംബന്ധിച്ച്, അത് മുൻകൂട്ടി കണ്ടിട്ട് അവൻ സംസാരിച്ചു.

F. റോമർ *6:4*-ലെ *പിതാവിന്റെ മഹത്വം* ദിവ്യത്വത്തിന്റെ പ്രത്യക്ഷതയെ സൂചിപ്പിക്കുന്നു.

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

G. സ്നാനത്തിനുശേഷം പുനരുത്ഥാനത്തിൽ നാം ഒരു പുതിയ വ്യക്തിയായിത്തീരുന്നു—ഫിലി. 3:10.

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

H. പുനരുത്ഥാനം ഭാവിയിലെ ഒരു അവസ്ഥ മാത്രമല്ല; അത് ഒരു വർത്തമാനകാല പ്രക്രിയ കൂടിയാണ്.

I. ജീവന്റെ പുതുക്കത്തിൽ നടക്കുക എന്നതിനർഥം ഇന്ന് പുനരുത്ഥാനത്തിന്റെ മണ്ഡലത്തിൽ ജീവിക്കുകയും ജീവനിൽ വാഴുകയും ചെയ്യുക എന്നാണ്—റോമർ 6:4; 5:17.

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

J. ഇത്തരത്തിലുള്ള ജീവിതം നാം പൂർണമായി രൂപാന്തരപ്പെടുകയും ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുകയും ചെയ്യുവോളം, നമ്മിലുള്ള ആദാമിന്റേതായ എല്ലാറ്റിനോടും ഇടപെടുന്നു—12:2; 8:29.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

**III. "നാം അവനോടുകൂടെ അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ ചേർന്നു വളർന്നുവെങ്കിൽ, തീർച്ചയായും നാം അവന്റെ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തിലും ആയിരിക്കും"—6:5:**

A. *അവനോടുകൂടെ ചേർന്നു വളരുക എന്നത്* വളർച്ച നടക്കുന്ന ഒരു ജൈവിക ഐക്യത്തെ സൂചിപ്പിക്കുന്നു, അങ്ങനെ ഒരുവൻ മറ്റൊരുവന്റെ ജീവനിലും സ്വഭാവ സവിശേഷതകളിലും പങ്കുകൊള്ളുന്നു—വാ. 5a.

റോമ. 6:5a നാം അവനോടുകൂടെ അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ ചേർന്നു വളർന്നുവെങ്കിൽ, ...

B. ക്രിസ്തുവുമായുള്ള ജൈവിക ഐക്യത്തിൽ, ക്രിസ്തു കടന്നുപോയതെല്ലാം നമ്മുടെ ചരിത്രമായിത്തീർന്നു.

C. നാം അവനിൽ ആയിരിക്കുകയും അവനോട് ജൈവികമായി ചേർന്നിരിക്കുകയും ചെയ്യുന്നതുകൊണ്ട് അവന്റെ മരണവും പുനരുത്ഥാനവും ഇപ്പോൾ നമ്മുടേതാണ്; ഇതാണ് ഒട്ടിച്ചേരൽ—11:24.

റോമ. 11:24 സ്വഭാവത്താൽ കാട്ടൊലിവായിരുന്നതിൽനിന്ന് നിന്നെ മുറിച്ചുമാറ്റി സ്വഭാവത്തിന് വിരുദ്ധമായ നാട്ടൊലിവിലേക്ക് ഒട്ടിച്ചെങ്കിൽ, സ്വാഭാവിക ശാഖകളായ ഇവരെ തങ്ങളുടെ സ്വന്തം ഒലിവിലേക്ക് എത്രയധികം ഒട്ടിക്കും!

D. ഇത്തരത്തിലുള്ള ഒട്ടിച്ചേരൽ നമ്മുടെ എല്ലാ പ്രതിലോമ മൂലകങ്ങളെയും പുറന്തള്ളുകയും, നമ്മുടെ ദൈവസൃഷ്ടിത കഴിവുകളെ ഉയിർപ്പിക്കുകയും, നമ്മുടെ കഴിവുകളെ ഉയർത്തുകയും, നമ്മുടെ കഴിവുകളെ സമ്പന്നമാക്കുകയും, നമ്മെ രൂപാന്തരപ്പെടുത്തുന്നതിനായി നമ്മുടെ മുഴുവൻ ആളത്തത്തെ സാന്ദ്രീകരിക്കുകയും ചെയ്യുന്നു.

E. ക്രിസ്തുവിന്റെ മരണത്തിന്റെ സാദൃശ്യം റോമർ 6:4-ൽ പരാമർശിച്ചിരിക്കുന്ന സ്നാനമാണ്; ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ സാദൃശ്യം വാക്യം 4-ൽ പരാമർശിച്ചിരിക്കുന്ന ജീവന്റെ പുതുക്കമാണ്.

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

F. *അവന്റെ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തിൽ* (വാ. 5) ഭാവിയിലെ വസ്തുനിഷ്ഠമായ പുനരുത്ഥാനത്തെയല്ല, പിന്നെയോ വർത്തമാനകാല വളർച്ചയുടെ പ്രക്രിയയെയാണ് സൂചിപ്പിക്കുന്നത്.

റോമ. 6:5 നാം അവനോടുകൂടെ അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ ചേർന്നു വളർന്നുവെങ്കിൽ, തീർച്ചയായും നാം അവന്റെ പുനരുത്ഥാനത്തിന്റെ, സാദൃശ്യത്തിലും ആയിരിക്കും,

G. നാം സ്നാനപ്പെട്ടപ്പോൾ, ക്രിസ്തുവിനോടൊപ്പം അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ ചേർന്നു വളർന്നു; ഇപ്പോൾ, അവന്റെ മരണത്തിലൂടെ നാം അവന്റെ പുനരുത്ഥാനത്തിലേക്ക് വളരുന്നു.

H. ക്രിസ്തുവിന്റെ മരണത്തിന്റെ മൂലകം അവനിൽ മാത്രം കാണപ്പെടുന്നതുപോലെ, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ മൂലകവും ക്രിസ്തുവിൽത്തന്നെ കാണപ്പെടുന്നു; അവൻ തന്നെയാണ് പുനരുത്ഥാനം—യോഹ. 11:25.

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

I. ശരിയായ സ്നാനം അനുഭവമാക്കിയശേഷം, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തിൽ നാം അവനിലും അവനോടുകൂടെയും വളരണം, അതായത്, ജീവന്റെ പുതുക്കത്തിൽ നടക്കണം—റോമർ 6:4.

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

**IV. "ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും..."—ഗലാ. 3:27:**

A. സ്നാനത്തിന് നാലു വശങ്ങളുണ്ട്: പിതാവിന്റെയും പുത്രന്റെയും ആത്മാവിന്റെയും നാമത്തിലേക്ക് സ്നാനപ്പെടുന്നതും (മത്താ. 28:19), ക്രിസ്തുവിലേക്ക് സ്നാനപ്പെടുന്നതും (ഗലാ. 3:27), ക്രിസ്തുവിന്റെ മരണത്തിലേക്ക് സ്നാനപ്പെടുന്നതും (റോമ. 6:3), ക്രിസ്തുവിന്റെ ശരീരത്തിലേക്ക് സ്നാനപ്പെടുന്നതും (1 കൊരി. 12:13).

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

റോമ. 6:3 അതോ ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?

1 കൊരി. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

B. സ്നാനം മാനസാന്തരപ്പെടുന്ന ജനത്തെ അവരുടെ പഴയ ജീവിതത്തെ അവസാനിപ്പിച്ചുകൊണ്ടും, ക്രിസ്തുവിന്റെയും ക്രിസ്തുവിലുള്ളതുമായ പുതിയ ജീവനാൽ അവരെ മുളപ്പിച്ചുകൊണ്ടും അവരുടെ പഴയ സ്ഥിതിയിൽനിന്ന് പുതിയ ഒന്നിലേക്ക് അവരെ കൊണ്ടുവരുന്നു—റോമർ 8:2, 10.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

C. സ്നാനത്തിന് രണ്ടു വശങ്ങളുണ്ട്—ദൃശ്യമായ വശവും അദൃശ്യമായ വശവും:

1. ദൃശ്യമായ വശം വെള്ളത്താലാണ്, അദൃശ്യമായ വശം പരിശുദ്ധാത്മാവിനാലാണ്—പ്രവൃ. 2:38, 41; 10:44-48.

പ്രവൃ. 2:38 പത്രൊസ് അവരോടു പറഞ്ഞു, മാനസാന്തരപ്പെടുകയും നിങ്ങളുടെ പാപങ്ങളുടെ ക്ഷമയ്ക്കായി ഓരോരുത്തനും യേശു ക്രിസ്തുവിന്റെ, നാമത്തിന്മേൽ സ്നാനപ്പെടുകയും ചെയ്യുവിൻ, നിങ്ങൾക്ക് പരിശുദ്ധാത്മാവ് എന്ന ഉപഹാരം ലഭിക്കും.

പ്രവൃ. 2:41 അങ്ങനെ അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനപ്പെട്ടു, ആ ദിവസം ഏകദേശം മൂവായിരം ദേഹികൾ ചേർക്കപ്പെടുകയും ചെയ്തു.

പ്രവൃ. 10:44 പത്രൊസ് ഈ വാക്കുകൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ, വചനം കേട്ടുകൊണ്ടിരുന്ന എല്ലാവരുടെയുംമേൽ പരിശുദ്ധാത്മാവ് പൊടുന്നനെ വന്നു.

പ്രവൃ. 10:45 ജാതികളുടെമേലും പരിശുദ്ധാത്മാവിന്റെ ഉപഹാരം ഒഴിക്കപ്പെട്ടതു കൊണ്ട്, പത്രൊസിനെ അനുയാത്ര ചെയ്ത പരിച്ഛേദനക്കാരായ വിശ്വാസികളൊക്കെയും ആശ്ചര്യപ്പെട്ടു.

പ്രവൃ. 10:46 എന്തെന്നാൽ അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹിമപ്പെടുത്തുന്നതും അവർ കേട്ടു. അപ്പോൾ പത്രൊസ് ഉത്തരം പറഞ്ഞു,

പ്രവൃ. 10:47 നമ്മെപ്പോലെ പരിശുദ്ധാത്മാവ് പ്രാപിച്ച ഇവർ,

സ്നാനപ്പെടാതിരിക്കേണ്ടതിന് വെള്ളം തടുക്കുവാൻ ആർക്കെങ്കിലും കഴിയുമോ?

പ്രവൃ. 10:48 അവർ യേശു ക്രിസ്തുവിന്റെ, നാമത്തിൽ സ്നാനപ്പെടുവാൻ അവൻ ആജ്ഞാപിച്ചു. അവൻ ചില നാളുകൾ തങ്ങുവാൻ അവർ അപേക്ഷിച്ചു.

2. ആത്മാവിനാലുള്ള അദൃശ്യമായ വശം ഇല്ലാതെ, വെള്ളത്താലുള്ള ദൃശ്യമായ വശം വ്യർഥമാണ്, വെള്ളത്താലുള്ള ദൃശ്യമായ വശം ഇല്ലാതെ, ആത്മാവിനാലുള്ള അദൃശ്യമായ വശം അമൂർത്തവും അപ്രായോഗികവുമാണ്; രണ്ടും ആവശ്യമാണ്.

D. ത്രിയേകദൈവത്തിലേക്ക് സ്നാനമേൽക്കുകയെന്നാൽ ക്രിസ്തുവിലേക്ക് സ്നാനമേൽക്കുന്നതാണ്—ഗലാ. 3:27:

ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

1. നാം ക്രിസ്തുവിലായിരിക്കുന്നതുകൊണ്ട് ദൈവത്തിന്റെ പുത്രന്മാരാണ്, നാം ക്രിസ്തുവിലേക്ക് സ്നാനമേറ്റതുകൊണ്ട് ക്രിസ്തുവിലാണ്—റോമ. 8:10, 14; ഗലാ. 3:26; 4:7.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:14 എന്തെന്നാൽ ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരൊക്കെയും, ദൈവത്തിന്റെ പുത്രന്മാർ ആകുന്നു.

ഗലാ. 3:26 എന്തെന്നാൽ നിങ്ങൾ എല്ലാവരും ക്രിസ്തു യേശുവിലുള്ള വിശ്വാസം മുഖാന്തരം ദൈവപുത്രന്മാർ ആകുന്നു.

ഗലാ. 4:7 അതിനാൽ നീ ഇനി അടിമ അല്ല പുത്രൻ അത്രേ; പുത്രൻ എങ്കിലോ, ദൈവം മുഖാന്തരം അവകാശിയും ആകുന്നു.

2. ക്രിസ്തുവിൽ ആയിരിക്കാനുള്ള വഴി ക്രിസ്തുവിലേക്ക് സ്നാനമേൽക്കുന്നതാണ്—3:27.

ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

3. നാം ക്രിസ്തുവിലേക്ക് സ്നാനമേറ്റതുകൊണ്ട്, ഇപ്പോൾ നാം അവനുമായുള്ള ജൈവിക ഐക്യം ആസ്വദിക്കുന്നു, അത് നമ്മുടെ മുഴുവൻ ആളത്തത്തെയും രൂപാന്തരപ്പെടുത്തുവാൻ പ്രാപ്തമാണ്—റോമർ 12:2.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

4. ഗലാത്യലേഖനം അധ്യായം 3-ന്റെ അവസാനത്തിൽ, ക്രിസ്തുവിലേക്ക് സ്നാനമേൽക്കുന്നതിനെക്കുറിച്ചും ക്രിസ്തുവിനെ ധരിക്കുന്നതിനെക്കുറിച്ചുമുള്ള ഒരു വചനത്തോടെ പൗലൊസ് ഉപസംഹരിക്കുന്നത് ശ്രദ്ധേയമാണ്—വാ. 27.

ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

5. സ്നാനത്തെക്കുറിച്ചുള്ള ഒരു വാക്കോടെ പൗലൊസ് ഉപസംഹരിക്കുന്നു എന്ന വസ്തുത സൂചിപ്പിക്കുന്നത്, ക്രിസ്തുവിലേക്ക് സ്നാനപ്പെടുകയും ക്രിസ്തുവിനെ ധരിക്കുകയും ചെയ്താൽ മാത്രമേ ഈ അധ്യായത്തിൽ വിശദീകരിച്ചിരിക്കുന്ന കാര്യങ്ങൾ അനുഭവമാക്കുവാൻ കഴിയുകയുള്ളൂ എന്നാണ്—വാ. 27.

   ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

6. ക്രിസ്തുവിലേക്ക് സ്നാനപ്പെട്ട എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു—വാ. 27.

   ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

7. നാം ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു, ഇപ്പോൾ ക്രിസ്തു നമ്മെ ആവരണം ചെയ്യുന്നു.
8. ഒരു വശത്ത്, സ്നാനത്തിൽ നമ്മെ ക്രിസ്തുവിലേക്ക് നിമജ്ജനം ചെയ്തിരിക്കുന്നു; മറുവശത്ത്, സ്നാനത്തിൽ നാം ക്രിസ്തുവിനെ ധരിക്കുന്നു.
9. നാം ക്രിസ്തുവിലേക്ക് സ്നാനമേറ്റുവെന്നും അവനെ നമ്മുടെ വസ്ത്രമായി, ആവരണമായി നാം ധരിക്കുന്നുവെന്നും നമ്മിൽ അനേകർക്ക് ശക്തമായി സാക്ഷ്യപ്പെടുത്തുവാൻ കഴിയും—വാ. 27.

   ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.